**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3472** **12-03-2025 - ൽ മറുപടിയ്ക്ക്**

**പോഷക സമൃദ്ധി മിഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** |

(എ) നാളിതുവരെ പോഷക സമൃദ്ധി മിഷനിൽ പങ്കാളികളായിട്ടുള്ള കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(എ) 2024-25 സാമ്പത്തിക വർഷം മുതൽ 2026-27 വർഷം വരെ നീണ്ടു നിൽക്കുന്ന മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷത്തിലും 25 ലക്ഷം വീതം ആകെ 75 ലക്ഷം കുടുംബങ്ങളെ പങ്കാളികളാക്കുന്നതിനാണ് മിഷനിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവരെ 459839 കുടുംബങ്ങളാണ് മിഷനിൽ പങ്കാളികളായിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കുടുബങ്ങളുടെ എണ്ണം |
|---|---|---|
| **1** | തിരുവനന്തപുരം | 25808 |
| **2** | കൊല്ലം | 23320 |
| **3** | പത്തനംതിട്ട | 21847 |
| **4** | ആലപ്പുഴ | 29086 |
| **5** | കോട്ടയം | 40596 |
| **6** | ഇടുക്കി | 40945 |
| **7** | എറണാകുളം | 41250 |
| **8** | തൃശ്ശൂർ | 81833 |
| **9** | പാലക്കാട് | 28091 |
| **10** | മലപ്പുറം | 18179 |
| **11** | കോഴിക്കോട് | 31000 |
| **12** | വയനാട് | 45945 |
| **13** | കണ്ണൂർ | 10049 |
| **14** | കാസർഗോഡ് | 21890 |
| | **ആകെ** | **459839** |

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

(ബി) പച്ചക്കറി വികസന പദ്ധതി പ്രകാരം വിവിധ ഘടകങ്ങളിൽ പോഷക സമൃദ്ധി മിഷന്റെ ഭാഗമായി ഇതിനോടകം ചിലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| | | | • വീട്ടുവളപ്പുകളിൽ 86000 പോഷകത്തോട്ടങ്ങൾ നിർമ്മിക്കുകയും ഇതിലേയ്ക്കായി 23.14 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>• 737.61 ഹെക്ടർ സ്ഥലത്ത് പഴവർഗ്ഗ ക്ലസ്റ്റർ നടപ്പിലാക്കുകയും, 225.7341 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>• ഫലവൃക്ഷതൈകളുടെ വിതരണം പദ്ധതിയിൽ 12,41,633 എണ്ണം ഫലവൃക്ഷതൈകൾ വിതരണം നടത്തുകയും ഇതിനായി 331.43 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>• ഒരു ലക്ഷം സങ്കരയിനം പച്ചക്കറി വിത്ത് വിതരണം നടത്തി. ഇതിനായി 13.92 ലക്ഷം രൂപ ചെലവഴിച്ചു.<br>• 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈ വിതരണം നടത്തി ഇതിനായി 68.0053 ലക്ഷം രൂപ ചെലവഴിച്ചു.<br>• മിഷന്റെ ഭാഗമായി മാധ്യമങ്ങൾ മുഖേന 2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം നടത്തുകയും ഇതിനായി 10 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.<br>• സങ്കരയിനം അല്ലാതെയുള്ള 10/- രൂപയുടെ 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം നടത്തുകയും ഇതിനായി 124.86 ലക്ഷം രൂപ ചെലഴിക്കുകയും ചെയ്തു.<br>• സങ്കരയിനം അല്ലാതെയുള്ള 2.5/- രൂപയുടെ 40 ലക്ഷം പച്ചക്കറി തൈകൾ വിതരണം നടത്തുകയും ഇതിനായി 57.6 ലക്ഷം രൂപ ചെലഴിക്കുകയും ചെയ്തു.<br>• ദീർഘകാല പച്ചക്കറി ഇനങ്ങളായ അഗത്തി, മുരിങ്ങ, കറിവേപ്പ് ഉൾപ്പെടെയുള്ള 15/-രൂപയുടെ 1 ലക്ഷം തൈകൾ വിതരണം നടത്തുകയും ഇതിനായി 4.61 ലക്ഷം രൂപ ചെലഴിക്കുകയും ചെയ്തു.<br>• 25 പച്ചക്കറി തൈകൾ, മൺചട്ടി/ HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ, ആകെ 7980 യൂണിറ്റുകൾ വിതരണം നടത്തുകയും ഇതിനായി 73.13 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>• 62.69 ഹെക്ടർ സ്ഥലത്ത് പരമ്പരാഗ പച്ചക്കറി ഇനങ്ങളുടെ കൃഷി നടപ്പിലാക്കുകയും ഇതിനായി 2.30 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.<br>• മിഷന്റെ ഭാഗമായി 1792 പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ഇതിനായി 15 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>• പോഷക സമൃദ്ധി മിഷൻ പദ്ധതിയുടെ ഭാഗമായി വിള വൈവിധ്യവല്കരണം, വിളതീവ്രത, അവതരണം പദ്ധതിയ്ക്കായി 119.94 ലക്ഷം രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ